# പത്രക്കുറിപ്പ് (20/05/17)

1. 29.04.2017 തീയതിയിൽ ഏറ്റുമാനൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ പേരൂർ കാവ് ഭഗവതി ക്ഷേത്രത്തിന്റെ ശ്രീകോവിൽ കുത്തിത്തുറന്ന് ശ്രീകോവിലിനുള്ളിൽ കയറി വിഗ്രഹത്തിൽചാർത്തിയിരുന്ന ഒരു പവൻ തൂക്കം വരുന്ന സ്വർണ്ണ മാലയും സുമാർ 6 ഗ്രാം തൂക്കം വരുന്ന സ്വർണ്ണ താലിയും പൂജാകർമ്മങ്ങൾക്ക് ഉപയോഗിക്കുന്ന വെള്ളികുടവും ശ്രീകോവിലിന് മുന്നിലുള്ള ഭണ്ഡാരക്കുറ്റി തകർത്ത് അതിൽ ഉണ്ടായിരുന്ന കാണിക്ക പണവും ഉൾപ്പെടെ ഉദ്ദേശം 50,000/- രൂപയുടെ മുതലുകൾ മോഷണം ചെയ്യുകയുണ്ടായി. ഇക്കാര്യത്തിന് ഏറ്റുമാനൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു കോട്ടയം ജില്ലാ പോലീസ് മേധാവി ശ്രീ എൻ. രാമചന്ദ്രൻ IPS-ന്റെ മേൽ നോട്ടത്തിൽ അന്വേഷണം നടത്തി വരവേ അദ്ദേഹത്തിനു ലഭിച്ച രഹസ്യ സന്ദേശത്തെ തുടർന്നു 19.05.2017 തീയതി രാത്രി 08.30 മണിക്ക് ടി കേസിലെ പ്രതിയായ കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ മാടപ്പാട്, പുന്നത്തുറ വെസ്റ്റ് കരയിൽ പാലയ്ക്കുഉണ്ടത്തിൽ വീട്ടിൽ രമണൻ മകൻ 34 വയസ്സുള്ള രൂപേഷ് എന്നു വിളിക്കുന്ന രതീഷിനെ അറസ്റ്റ് ചെയ്യുകയുണ്ടായി (ഇപ്പോൾ പേരൂർ കാവിനടുത്തു വാടകയ്ക്കു താമസിക്കുന്നു) ഏറ്റുമാനൂർ പോലീസ് ഇൻസ്പെക്ടർ സി ജെ മാർട്ടിൻ അവർകളുടെ നേതൃത്വത്തിൽ ഏറ്റുമാനൂർ പോലീസ് സബ് ഇൻസ്പെക്ടർ പ്രശാന്ത് കുമാർ സീനിയർ സിവിൽ പോലീസ് ഓഫീസർ ഷൈജു രാഘവൻ, ജോർജ് , ഡ്രൈവർ സീനിയർ സിവിൽ പോലീസ് ഓഫീസർ സജി, എന്നിവരുടെ നേതൃത്വത്തിൽ ആണ് അറസ്റ്റ് ചെയ്തത്. രൂപേഷ് എന്നു വിളിക്കുന്ന രതീഷ് ഏറ്റുമാനൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ കക്കയം കിരാതമൂർത്തി മഹാദേവക്ഷേത്രം, മണിമലക്കാവ് ഭഗവതി ക്ഷേത്രം, പേരൂർ SNDP, കണ്ടൻചിറയിലുള്ള കുട്ടന്റെ മുറുക്കാൻ കട എന്നീസ്ഥലങ്ങളിൽ മോഷണം നടത്തിയതായി സമ്മതിച്ചു. ടി കാര്യത്തിന് ഏറ്റുമാനൂർ പോലീസ് സ്റ്റേഷനിൽ കേസെടുത്തു അന്വേഷണം നടത്തി വരുന്നു.
2. BPCL കൊച്ചി റിഫൈനറിയുടെ അംഗീകൃത ഏജൻസിയാണെന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് ടി കമ്പനിയിൽ ജോലി വാങ്ങികൊടുക്കാമെന്ന് പറഞ്ഞ് പലരിൽ നിന്നും പണം വാങ്ങി ചതിച്ചതിനു ഈരാറ്റുപേട്ട പോലീസ് 2 പ്രതികളെ അറസ്റ്റ് ചെയ്തു. മേലുകാവ് കോണിപാട് കയ്യാനിയിൽ വീട്ടിൽ മൈക്കിൾ മകൻ ആന്റോ Age 41, തീക്കോയി, വേലത്തുശ്ശേരി മുണ്ടാട്ടുചുണ്ടയിൽ വീട്ടിൽ ജോസ് മകൻ ജോബിൻ Age 31 എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. BPCL കൊച്ചി ഡെപ്യൂട്ടി ജനറൽ മാനേജർ ജോർജ്ജ് തോമസിന്റെ പരാതിയിലാണ് പോലീസ് കേസെടുത്തത്.
3. സ്കൂളുകൾ തുറക്കുന്നതിനോടനുബന്ധിച്ച് പള്ളിക്കത്തോട് പോലിസ് സ്റ്റേഷൻ പരിധിയിലുള്ള സ്കൂൾ അധികൃതരെയും സ്കൂൾ ബസ്സ് ഡ്രൈവർമാരെയും ഹെൽപ്പർമാരെയും പങ്കെടുപ്പിച്ച് പള്ളിക്കത്തോട് വ്യാപാരഭവൻ ഓഡിറ്റോറിയത്തിൽ വച്ച് പള്ളിക്കത്തോട് പോലീസ് സബ്ബ് ഇൻസ്പെക്ടർ ശ്രീ. മഹേഷ് കുമാറിന്റെ നേതൃത്വത്തിൽ ഒരു ബോധവത്കരണക്ലാസ്സ് നടത്തുകയുണ്ടായി. ടി യോഗത്തിൽ 12 സ്കൂളുകളിൽനിന്നായി 43 പേർ പങ്കെടുത്തു. ജില്ലാ പോലീസ് മേധാവിയുടെ നിർദ്ദേശപ്രകാരം നടത്തിയ ബോധവത്കരണക്ലാസ്സ് എല്ലാ പോലീസ് സ്റ്റേഷനുകളിലും നടത്തുന്നതാണ്.

Sd/-(20/05/17)

കോട്ടയം ജില്ലാ പോലീസ് മേധാവിക്ക് വേണ്ടി